# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 സെപ്റ്റംബർ 19

# വാർത്താക്കുറിപ്പ്

---

## പരീക്ഷകൾ മാറ്റി

പാലാ നിയമസഭ ഉപതെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ സെപ്റ്റംബർ 23ന് മഹാത്മാ ഗാന്ധി സർവകലാശാല നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

സെപ്റ്റംബർ 27ന് നടത്താനിരുന്ന എല്ലാ യു.ജി. (പ്രൈവറ്റ്/റഗുലർ - ബി.വോക് ഉൾപ്പെടെ), പി.ജി. (പ്രൈവറ്റ്/റഗുലർ) പരീക്ഷകൾ മാറ്റി. അന്നേ ദിവസത്തെ മറ്റു പരീക്ഷകൾക്ക് മാറ്റമില്ല. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ./39/1690/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.വോക് (മാർക്കറ്റിങ് മാനേജ്മെന്റ് ആന്റ് ഐ.ടി. - 2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) ജൂലൈ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 25ന് മാന്നാനം കെ.ഇ. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1691/2019)

## പരീക്ഷഫലം

2019 ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1692/2019)

2019 ജൂലൈയിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്സി. ഡിസെബിലിറ്റി സ്റ്റഡീസ് ആന്റ് റിഹാബിലിറ്റേഷൻ സയൻസസ് (റീഅഡ്മിഷൻ 2014-10 - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1693/2019)

2019 മെയിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന രണ്ടാം സെമസ്റ്റർ എൽ.എൽ.എം. (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1694/2019)

2018 നവംബറിൽ നടന്ന നാലാം സെമസ്റ്റർ എം.സി.എ. (സീപാസ് 2016 അഡ്മിഷൻ റഗുലർ/ലാറ്ററൽ എൻട്രി 2017 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1695/2019)

2018 നവംബറിൽ നടന്ന നാലാം സെമസ്റ്റർ എം.സി.എ. (2016 അഡ്മിഷൻ റഗുലർ - അഫിലിയേറ്റഡ് കോളേജുകൾ), 2011-2015 അഡ്മിഷൻ സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകളും സീപാസും, ലാറ്ററൽ എൻട്രി - 2017 അഡ്മിഷൻ റഗുലർ - വേക്കന്റ് സീറ്റ് അഡ്മിഷൻ), 2013-2016 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1696/2019)

2018 നവംബറിൽ നടന്ന നാലാം സെമസ്റ്റർ ലാറ്ററൽ എൻട്രി എം.സി.എ. (2017 അഡ്മിഷൻ-പുതിയ സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1697/2019)

## രാജ്യാന്തര തീരദേശ ശുചീകരണദിനം; സെപ്തംബർ 21ന്

## ആലപ്പുഴ ബീച്ച് ശുചീകരിക്കും

രാജ്യാന്തര തീരദേശ ശുചീകരണദിനത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിന്റെയും ദേശീയ തീരഗവേഷണ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ സെപ്തംബർ 21ന് ആലപ്പുഴ ബീച്ചിൽ ശുചീകരണ പ്രവർത്തനങ്ങളും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കും.

രാവിലെ ഏഴുമുതൽ 10 വരെയാണ് പരിപാടികൾ. ആലപ്പുഴ ജില്ലാ കളക്ടർ ഡോ. അദീല അബ്ദുള്ള ഉദ്ഘാടനം നിർവഹിക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് ഡയറക്ടർ പ്രൊഫ. ഇ.വി. രാമസ്വാമി എന്നിവർ പങ്കെടുക്കും.

ഗവേഷകരടക്കമുള്ള വിദ്യാർഥികളും അധ്യാപകരും ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളാകും. തീരദേശം പ്ലാസ്റ്റിക്, ഇതര മാലിന്യങ്ങളിൽ നിന്ന് മുക്തമായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനായി ലഘുലേഖകൾ പൊതുജനങ്ങൾക്കും കച്ചവടക്കാർക്കും വിതരണം ചെയ്യും. ബീച്ചിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗസാധ്യമാക്കുന്നതിനായി ജില്ലാ ശുചിത്വമിഷന് കൈമാറും. പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി മാലിന്യക്കൂട്ടകൾ സ്ഥാപിക്കും.

ഐക്യരാഷ്ട്ര സംഘടനയുടെ സൗത്ത് ഏഷ്യ കോ-ഓപ്പറേറ്റീവ് എൻവയൺമെന്റ് പ്രോഗ്രാമുമായി സഹകരിച്ചാണ് എം.ജി. സർവകലാശാല ശുചീകരണ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത്.

(പി.ആർ.ഒ./39/1698/2019)

## യൂറോപ്പിൽ രണ്ടാം സെക്കുലറൈസേഷൻ

## നടന്നു; പ്രൊഫ. സൈമൺ ഡൂറിങ്

യൂറോപ്പിൽ രണ്ടാം സെക്കുലറൈസേഷൻ നടന്നതായി പ്രമുഖ ചിന്തകൻ പ്രൊഫ. സൈമൺ ഡൂറിങ്. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച പ്രഭാഷണ പരിപാടിയിൽ 'ദ സെക്കന്റ് സെക്കുലറൈസേഷൻ' എന്ന വിഷയത്തിൽ ജ്ഞാനപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ആദ്യ സെക്കുലറൈസേഷൻ മതവും പൊതുജീവിതവും അതിന്റെ രാഷ്ട്രീയവുമായി ബന്ധപ്പെട്ടതായിരുന്നുവെങ്കിൽ രണ്ടാമത്തേത് സാംസ്കാരികതലത്തിലാണ് നടന്നിട്ടുള്ളത്. വരേണ്യ സംസ്കാരത്തിന്റെ പൊളിച്ചെഴുതലാണ് രണ്ടാം സെക്കുലറൈസേഷനിൽ സംഭവിച്ചത്. ഇത് യൂറോപ്പിലാണ് സംഭവിച്ചിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. പ്രഭാഷണ പരിപാടി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ പ്രൊഫ. കെ.എം. കൃഷ്ണൻ, ഡോ. സജി മാത്യു എന്നിവർ പ്രസംഗിച്ചു. വിദ്യാർഥികളും അധ്യാപകരുമായി അദ്ദേഹം സംവദിച്ചു.

**ഫോട്ടോ ക്യാപ്ഷൻ**

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച പ്രഭാഷണ പരിപാടിയിൽ 'ദ സെക്കന്റ് സെക്കുലറൈസേഷൻ' എന്ന വിഷയത്തിൽ പ്രമുഖ ചിന്തകൻ പ്രൊഫ. സൈമൺ ഡൂറിങ് ജ്ഞാനപ്രഭാഷണം നടത്തുന്നു**

(പി.ആർ.ഒ./39/1699/2019)

## സിൻഡിക്കേറ്റ് യോഗം ഒക്ടോബർ അഞ്ചിന്

മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് യോഗം ഒക്ടോബർ അഞ്ചിന് രാവിലെ 10.30ന് സർവകലാശാല സിൻഡിക്കേറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ./39/1700/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ